LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖലയുടെ സമഗ്ര വികസനം

82 (1552) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിന് ഓരോ സാമ്പത്തിക വർഷവും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ എന്തെല്ലാം വികസന മുന്നേറ്റമാണ് ടൂറിസം മേഖലയിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	നീക്കിവച്ച തുക	ചെലവഴിച്ച തുക
2006-07	84.27 കോടി രൂപ	78.25 കോടി രൂപ
2007-08	108.68 „	86.37 „
2008-09	132.89 „	79.50 „
2009-10	95.32 „	80.21 „
2010-11	130 „	സാമ്പത്തിക വർഷം പൂർത്തിയാവാത്തതിനാൽ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്

(ബി) അനുബന്ധമായി ചേർക്കുന്നു.*

ടൂറിസം വികസനത്തിൽ വിദേശ മലയാളികളുടെ പങ്കാളിത്തം

83 (1553) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിൽ വിദേശമലയാളികളെ പങ്കാളികളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.